പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 197

12-02-2020 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ. ആൻസലൻ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കാരാട്ട് റസാഖ്

മറുപടി

ശ്രീ.ഇ.പി.ജയരാജൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആകെയെടുത്താൽ നഷ്ടത്തിലായിരുന്ന സ്ഥാനത്ത് ഇപ്പോൾ ആകെ പ്രവർത്തന ലാഭം നേടാനായിട്ടുണ്ടോ; ആകെ വിറ്റുവരവിൽ എത്ര നേട്ടം കൈവരിക്കാനായി; എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | എ) | ഉണ്ട്. മുൻസർക്കാരിൻെറ കാലയളവിൽ (2015-16 ൽ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2799.72 കോടി രൂപയും, മൊത്തം നഷ്ടം 121.18 കോടി രൂപയുമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19-ലെ കണക്കുകൾ പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 3442.74 കോടി രൂപയും, മൊത്തം പ്രവർത്തന ലാഭം 156 കോടി രൂപയായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 16 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്<br>2.ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്<br>3.ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്<br>4.കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br>5.ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്<br>6.കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്<br>7.കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്<br>8.ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്<br>9.സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്<br>10.ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്<br>11.കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്<br>12.കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്<br>13.യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്<br>14.ദി കേരള സിറാമിക്സ് ലിമിറ്റഡ്<br>15.കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്<br>16.ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| ബി) | നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വിപുലീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) | ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവ് |

| | | | |
|---|---|---|---|
| | തത്ഫലമായി എത്ര സ്ഥാപനങ്ങൾ ലാഭത്തിലാകുകയോ നഷ്ടം കുറയ്ക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | | ഉണ്ടാക്കുവാനും സാധിച്ചിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽ നിന്നും സർക്കാർ കൂടുതൽ ധനസഹായം നൽകി വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് 2015-16 സാമ്പത്തികവർഷത്തിൽ വ്യവസായവകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോമേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ ലാഭകരമാക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 14 സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| സി) | ഭാവി വാഹനമായ ഇലക്ട്രിക് വാഹന നിർമ്മാണ രംഗത്ത് പ്രാപ്തി നേടാൻ കേരള ഓട്ടോമൊബൈൽസിന് സാധ്യമായിട്ടുണ്ടോ; 'നീം ജി' ആവശ്യാനുസരണം നിർമ്മിക്കാൻ കഴിയുന്ന വിധത്തിൽ സ്ഥാപനത്തെ ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോ? | സി) | ഉണ്ട്. ഇലക്ട്രിക്ക് ആട്ടോ പദ്ധതിയുടെ ഭാഗമായി കേരള നീംജി എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ വ്യവസായിക ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇലക്ട്രിക്മുച്ചക്ര വാഹനം നിർമ്മിക്കുന്നതിനായി ARAI-യുടെ അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാന പൊതുമേഖലാസ്ഥാപനമാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്.<br>കാലപ്പഴക്കമുള്ള പ്ലാൻറിന്റെ നവീകരണത്തിനായി ലഭിച്ച എഴുകോടി രൂപ ഉപയോഗപ്പെടുത്തി പ്ലാൻറ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മെഷീൻഷോപ്പിന്റെ നവീകരണ പ്രവർത്തനങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. ഇ-ആട്ടോയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണം വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ